**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 228 | 10.12.2012-ൽ മറുപടിയ്ക്ക്

# സതാംസിങ്ങിന്റെ മരണം

ചോദ്യം
ശ്രീ. എളമരം കരീം

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) കൊല്ലത്തെ അമൃതാനന്ദമയി മഠത്തിൽ നിന്നും പോലീസ് കസ്റ്റഡിയിലെടുത്ത സതാംസിങ്ങ് കൊല ചെയ്യപ്പെട്ടുകയുണ്ടായോ; എങ്കിൽ എവിടെ വെച്ച്; എപ്പോൾ;

(എ) കൊലചെയ്യപ്പെട്ടുകയുണ്ടായി. 4.8.2012 ന് രാത്രി 7.30 മണിയോടു കൂടി തിരുവനന്തപുരം മാനസിക ആരോഗ്യകേന്ദ്രത്തിലെ ഫോറൻസിക് വാർഡിൽ ഏഴാം നമ്പർ സെല്ലിൽ സതാനാംസിംഗ് മാൻ അബോധാവസ്ഥയിൽ കിടക്കുന്നത് കണ്ട് ടിയാനെ ചികിത്സയ്ക്കായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ട് ചെന്ന് 8.30 മണിയോടുകൂടി ഡോക്ടർ പരിശോധിച്ച സമയം ടിയാൻ മരണപ്പെട്ടതായി ഡോക്ടർ അറിയിച്ചു.

(ബി) സതാംസിങ്ങിനെതിരെ അമൃതാനന്ദമയി മഠത്തിൽ നിന്നും പോലീസിന് പരാതി ലഭിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ എപ്പോൾ; പരാതി എന്തായിരുന്നു;

(ബി) പരാതി ലഭിച്ചിരുന്നു. 1.8.2012 ൽ അമൃതാനന്ദമയിയെ അപായപ്പെടുത്താൻ ശ്രമിച്ചു എന്നതായിരുന്നു പരാതി.

(സി) സംസ്ഥാന ആഭ്യന്തര വകുപ്പുമന്ത്രി അന്നേ ദിവസം തന്നെ മഠം സന്ദർശിക്കുകയുണ്ടായോ; മഠത്തിൽ ആരെല്ലാമായി മന്ത്രി ചർച്ച നടത്തുകയുണ്ടായി; അന്നേ ദിവസം മന്ത്രി പോലീസ് അധികൃതർക്ക് നൽകിയ നിർദ്ദേശം എന്തായിരുന്നു; മന്ത്രി അന്ന് മഠം സന്ദർശിക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു;

(സി) ടി സംഭവം നടന്ന 1.8.2012 -ാം തീയതി ബഹു. ആഭ്യന്തര വകുപ്പ് മന്ത്രി സംഭവത്തെ കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിനും മറ്റുമായി അമൃതാനന്ദമയി മഠത്തിൽവച്ച് മാതാ അമൃതാനന്ദമയിയെ സന്ദർശിച്ചിരുന്നു. അന്നേ ദിവസം പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. ആഭ്യന്തര മന്ത്രിയെന്ന നിലയിൽ മാത്രമാണ് മഠം സന്ദർശിച്ചത്.

(ഡി) സതാംസിങ്ങിനെതിരെ കൊല്ലം പോലീസ് ആദ്യഘട്ടത്തിൽ എന്തെല്ലാം കുറ്റങ്ങൾക്ക് ഏതെല്ലാം വകുപ്പുകൾ അനുസരിച്ചായിരുന്നു കേസെടുത്തിരുന്നത്; കൊല

(ഡി) സതാംസിംഗ് അമൃതാനന്ദമയിയെ അപായപ്പെടുത്താൻ ശ്രമിച്ചു എന്ന പരാതി സംബന്ധിച്ച് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം 1832/2012 u/s 452, 332,

ചെയ്യപ്പെട്ടതിനു ശേഷം ഏതെല്ലാം വകുപ്പുകൾ അനുസരിച്ച് ആർക്കെല്ലാം എതിരെ കേസെടുക്കുകയുണ്ടായി; വിശദമാക്കാമോ?

307 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ഉൾപ്പെടുത്തിയാണ് കേസ് രജിസ്റ്റർ ചെയ്തത്. കൊലചെയ്യപ്പെട്ടതിനു ശേഷം തിരുവനന്തപുരം പേരൂർക്കട പോലീസ് സ്റ്റേഷനിൽ ക്രൈം നം 910/2012 u/s 174 CrPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് തുടർ അന്വേഷണത്തിന് ക്രൈംബ്രാഞ്ചിന് കൈമാറുകയും CBCID Crime No. 691/12 ആയി റീ നമ്പർ ചെയ്ത് u/s 341, 323, 324, 302 & 34 IPC ആയിട്ടുള്ള കുറ്റങ്ങൾ ചേർത്ത് അന്വേഷണം പൂർത്തിയാക്കി താഴെപറയുന്ന ഒന്നു മുതൽ ആറ് വരെയുള്ള പ്രതികൾക്കെതിരെ കുറ്റപത്രം 1.12.2012 -ാം തീയതി ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്.

<u>പ്രതികൾ</u>

| | |
|---|---|
| 1. 1st Gr. Attender MHC | - Sri. Anil Kumar |
| 2. Jail Warden ( Temp) | - Sri. Vivekanandan |
| 3. Working Patient | - Sri. Manjiesh |
| 4. Working Patient | - Sri. Biju |
| 5.Working Patient | - Sri. Pradeesh @ SarathPrakash |
| 6. Working Patient | - Sri. Dileep |

സെക്ഷൻ ഓഫീസർ